**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1270** **07-12-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലാ ക്ഷീര വികസന വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പതിനഞ്ച് ബ്ലോക്കുതല ക്ഷീര വികസന യൂണിറ്റുകളും ഒരു ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിൽ സാങ്കേതിക വിഷയങ്ങളിൽ കൃത്യമായ അഭിപ്രായം രേഖപ്പെടുത്തുന്നതിനും ഉചിതമായ തീരുമാനമെടുക്കുന്നതിനും ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ജില്ലാ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ നൽകിയ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | എം എൽ എയുടെ കത്ത് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ജില്ലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്യപ്പെടാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ലയിൽ നിന്നും ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്തിട്ടില്ല. |
| (സി) | സർക്കാരിലേക്ക് ഇതുസംബന്ധിച്ച പ്രൊപ്പോസലുകൾ വകുപ്പ് മേധാവി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | മലപ്പുറം ജില്ലയിൽ ടെക്നിക്കൽ അസിസ്റ്റന്റ് / അസിസ്റ്റന്റ് ഡയറക്ടർ തസ്തിക അനുവദിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (ഡി) | മലപ്പുറം ജില്ലാ ഓഫീസിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | മലപ്പുറം ജില്ലയിൽ ടെക്നിക്കൽ അസിസ്റ്റന്റ് / അസിസ്റ്റന്റ് ഡയറക്ടർ തസ്തിക അനുവദിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ